**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4771** **20-07-2022 - ൽ മറുപടിയ്ക്ക്**

**കോട്ടയ്ക്കൽ മണ്ഡലത്തിലെ ബൈപ്പാസ് റോഡുകളുടെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കോട്ടയ്ക്കൽ മണ്ഡലത്തിലെ കഞ്ഞിപ്പുര-മൂടാൽ ബൈപ്പാസ് റോഡ്, പുത്തൂർ-ചെനക്കൽ ബൈപ്പാസ് റോഡ് (മൂന്നാം ഘട്ടം), പി.എച്ച്. സെൻറർ-മുക്കില പീടിക റോഡ് എന്നീ റോഡുകളുടെ നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; | (എ) | **മൂടാൽ - കഞ്ഞിപ്പുര ബൈപ്പാസ് റോഡ് നിർമ്മാണം** - മൂടാൽ കഞ്ഞിപ്പുര ബൈപ്പാസ് നിർമ്മാണ പ്രവൃത്തി പുരോഗതി യിലാണ്. കി.മീ. 3/600 മുതൽ 6/000 വരെയുള്ള റോഡ് ഭാഗത്ത് (അമ്പലപ്പറമ്പ് മുതൽ കഞ്ഞിപ്പുര വരെ) ജി.എസ്.ബി പ്രവൃത്തി പൂർത്തീകരിച്ച് ഡബ്ല്യൂ.എം.എം. പ്രവൃത്തി പൂർത്തീകരണ ഘട്ടത്തിലാണ്. കി.മീ. 0/000 മുതൽ 3/600 വരെ (മൂടാൽ മുതൽ അമ്പലപ്പറമ്പ് വരെ) ഉള്ള ഭാഗങ്ങളിൽ സംരക്ഷണഭിത്തി നിർമ്മാണം, കലുങ്ക് ഡ്രൈനേജ് റോഡ് ഫോർമേഷൻ പ്രവൃത്തികൾ പുരോഗതിയിലാണ്. റോഡ് പ്രവൃത്തിക്ക് തടസ്സമായി കെ.എസ്.ഇ.ബി/ കേരള വാട്ടർ അതോറിറ്റി യൂട്ടിലിറ്റീസ് മാറ്റുന്നതിനും മറ്റ അധിക റോഡ് പ്രവൃത്തികൾക്കുമായി സമർപ്പിച്ച റിവൈസ്ഡ് എസ്റ്റിമേറ്റ് സർക്കാർ പരിശോധിച്ച് വരുന്നു.<br><br>**പി.എച്ച്. സെന്റർ മുക്കിലപീടക റോഡ്** - പി.എച്ച്. സെന്റർ മുക്കിലപ്പീടിക റോഡ് - പ്രവൃത്തി കി.മീ. 0/000 മുതൽ 4/600 വരെ പുരോഗതിയിലാണ്. അധികം താഴ്ച്ചയിൽ അല്ലാതെ സ്ഥാപിച്ച പഞ്ചായത്ത് ജലനിധി എന്നിവയുടെ കുടിവെള്ള പൈപ്പുകൾ കലുങ്ക നിർമ്മാണം ഡ്രൈനേജ് നിർമ്മാണം, റോഡ് വിതി കൂട്ടൽ എന്നീ പ്രവൃത്തികളെ തടസ്സപ്പെടുത്തിയതിനാൽ റോഡ് പ്രവൃത്തിയുടെ പുരോഗതിയെ ബാധിച്ചു. നിലവിൽ ഭൂരിഭാഗം കലുങ്ക ഡ്രൈനേജ്, സംരക്ഷണഭിത്തി നിർമ്മാണങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്.<br><br>**പുത്തൂർ - ചെനക്കൽ - ബൈപ്പാസ് റോഡ്**പുതുക്കിയ ഭരണാനുമതിക്കുള്ള പ്രൊപ്പോസൽ തയ്യാറാക്കി വരുന്നു. |

| | | | |
|---|---|---|---|
| (ബി) | പുത്തൂർ-ചെനക്കൽ ബൈപ്പാസ് റോഡിന്റെ മൂന്നാം ഘട്ട സ്ഥലം ഏറ്റെടുക്കുന്നതിന് പുറപ്പെടുവിച്ച നോട്ടിഫിക്കേഷൻ സമയപരിധി അവസാനിക്കാറായിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സമയപരിധിക്കുള്ളിൽ സ്ഥലം ഏറ്റെടുക്കുന്നത് പൂർത്തികരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; പ്രവൃത്തി പൂർത്തികരിക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നതിന്റെ കാരണം വിശദമാക്കുമോ; | (ബി) | തിരൂർ എൽ.എ തഹസിൽദാർ (ജനറൽ)-ൽ നിന്നും ഏകദേശ നഷ്ടപരിഹാരതുക കണക്കാക്കിയിട്ടുള്ള ഡി.വി.എസ് ലഭ്യമായത് പ്രകാരമുള്ള തുകയുൾപ്പെടെ പ്രവൃത്തിക്കാവശ്യമായി വരുന്ന തുക കൂടി കണക്കിലെടുത്ത് പുതുക്കിയ ഭരണാനുമതിക്കായി പ്രൊപ്പോസൽ തയ്യാറാക്കി വരുന്നു. |
| (സി) | പുത്തൂർ-ചെനക്കൽ ബൈപ്പാസ് റോഡിന്റെ ഭൂമി ഏറ്റെടുക്കലിന്റെ ഭാഗമായി കോസ്റ്റ് ഓഫ് അക്വിസിഷൻ വിവരങ്ങളും ഡീറ്റെയ്ൽഡ് വാല്യുവേഷൻ സ്റ്റേറ്റ്മെൻറും മലപ്പുറം ജില്ലാ കലക്ടേറ്റിൽ നിന്നും ലഭ്യമായിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (സി) | ലഭ്യമായിട്ടുണ്ട്. തിരുർ എൽ.എ തഹസിൽദാറിൽ നിന്നും ഏകദേശ തുക ലഭ്യമായിട്ടുണ്ട്. |
| (ഡി) | കഞ്ഞിപ്പുര-മൂടാൽ ബൈപ്പാസ് റോഡിന്റെ നിർമ്മാണ പൂർത്തീകരണത്തിന് അധിക ഫണ്ട് ലഭിക്കുന്നതിനായി സമർപ്പിച്ച എസ്റ്റിമേറ്റ്, പ്രൊപ്പോസൽ എന്നിവയിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; പ്രസ്തുത വിഷയം സംബന്ധിച്ച് സർക്കാരിലുള്ള പി.ഡബ്ല്യു.ഡി.–ജി3/91/2022-പി.ഡബ്ല്യു.ഡി. നമ്പർ ഫയലിൽ അടിയന്തര നടപടി സ്വീകരിക്കുമോ; | (ഡി) | കഞ്ഞിപ്പുര-മൂടാൽ ബൈപ്പാസ് റോഡിന്റെ നിർമ്മാണം സംബന്ധിച്ച് പുതുക്കിയ ഭരണാനുമതിക്കായി സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ച് വരുന്നു. |
| (ഇ) | ബഡ്ജറ്റിൽ ഇരുപത് ശതമാനം തുക വകയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ പി.എച്ച്. സെൻറർ-മുക്കില പീടിക റോഡിന്റെ പ്രവൃത്തി ആരംഭിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | (ഇ) | പി. എച്ച്സെന്റർ മുക്കിലപീടിക റോഡ് പുനരുദ്ധാരണം കി.മീ 4/600 മുതൽ 7/752 വരെ പ്രവൃത്തിയുടെ 550 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സർക്കാർ പരിശോധിച്ച് വരുന്നു. |
| (എഫ്) | ബൈപ്പാസ് റോഡുകളുടെ നിർമ്മാണത്തിന് മതിയായ തുക വകയിരുത്തുന്നത് സംബന്ധിച്ചു സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ? | (എഫ്) | പുതിയ ബൈപ്പാസ് റോഡുകളുടെ നിർമ്മാണത്തിനും അനുബന്ധ സ്ഥലമേറ്റെടുപ്പിനുമായി 2022-23 ബഡ്ജറ്റ് പ്രസംഗത്തിൽ കിഫ്ബി മുഖേന 200 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഏറ്റെടുക്കേണ്ട ബൈപ്പാസ് റോഡുകളുടെ പ്രാരംഭ പഠനം നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ